**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2112 — 07.03.2017 ൽ മറുപടിക്ക്

## വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് ഭരണാനുമതി നല്കിയതിനു ശേഷമുള്ള പുരോഗതികൾ വ്യക്തമാക്കുമോ; | (എ) | വർക്കല താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുന്ന ഡയാലിസിസ് യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങളുടെ വിതരണ കമ്പനികളെ ദർഘാസ് നടപടികളിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുന്ന പ്രവർത്തനങ്ങൾ പൊതുമരാമത്തുവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആശുപത്രി കോമ്പൗണ്ടിൽ പണി നടന്നു കൊണ്ടിരിക്കുന്ന 5 നില കെട്ടിടത്തിന്റെ താഴത്തെനില പൂർത്തിയാകുന്ന മുറയ്ക്ക് അവിടെ താല്ക്കാലികമായി യൂണിറ്റ് തുടങ്ങുവാൻ തീരുമാനം ആയിട്ടുള്ളതുമാണ്. |
| (ബി) | ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് സാങ്കേതികാനുമതി നല്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ തടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ